www.gospelinmalayalam.com

# CHAPTER 2 - CHAPTER 7. PROPHETIC HISTORY OF GENTILES

## DANIEL - CHAPTER 2

### The dream of King Nebuchadnezzar

| | |
|---|---|
| Dan.2:1-3 | The dream |
| Dan.2:4-11 | The desperation of the wise men |
| Dan.2:12-13 | The decree of the King |
| Dan.2:14-16 | The declaration of Daniel |
| Dan.2:17-18 | Daniel & friends seek God's help. ഒരുമനപ്പെട്ട് ദൈവത്തോടു യാചിക്കുന്നു. |
| Dan.2:19 | Revelation |
| Dan.2:19 b-23 | Praises |
| Amos.4:13 | *പർവ്വതങ്ങളെ നിർമ്മിക്കയും കാറ്റിനെ സൃഷ്ടിക്കുകയും മനുഷ്യനോടു അവന്റെ നിരൂപണം ഇന്നതെന്നു അറിയിക്കുകയും പ്രഭാതത്തെ അന്ധകാരമാക്കുകയും ഭൂമിയുടെ ഉന്നതികളിന്മേൽ നടകൊള്ളുകയും ചെയ്യുന്ന ഒരുത്തനുണ്ടു; സൈന്യങ്ങളുടെ ദൈവമായ യഹോവ എന്നാകുന്നു അവന്റെ നാമം.*<br><br>ദാനിയേലിനെപ്പോലെ തന്നെ മിസ്രയീമിലെ കൊട്ടാരത്തിൽ ഉയർത്തപ്പെട്ട ഒരു വ്യക്തിയുണ്ട് - ജോസഫ്. |
| Gen. 41:16 | *യോസേഫ് ഫറവോനോട് ഞാനല്ല, ദൈവം തന്നെ ഫറവോന് ശുഭമായൊരു ഉത്തരം നൽകും എന്നു പറഞ്ഞു.* |
| Dan.2:24-30 | Explanation by Daniel |

'Jerusalem' ഒരു വലിയ 'clock' ആണ്. അവിടെ നോക്കിയാൽ മതി പ്രവചനങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ.

എന്തുകൊണ്ട് നെബൂഖദ്നേസറിന് ഈ ദർശനം നൽകി. ഈ ദർശനങ്ങളുടെ starting point ബാബിലോണിൽ തന്നെ ആരംഭിക്കാൻ കാരണമെന്ത്?

അതിനു മുമ്പും ആക്രമണങ്ങളും, വലിയ സാമ്രാജ്യങ്ങളും ഉണ്ടായിരുന്നു.

- മിസ്രയീം ഒരു വലിയ ശക്തമായ രാജ്യമായിരുന്നു. പലരേയും ആക്രമിച്ചു കീഴടക്കിയിട്ടുണ്ട്.

- അസീറിയൻ സാമ്രാജ്യം ഒരു വലിയ ശക്തമായ സാമ്രാജ്യമായിരുന്നു. അവർക്കൊന്നും എന്താ ഈ ദർശനത്തിന്റെ ആരംഭരാകാൻ കഴിയാതെ ദൈവം നെബൂഖദ്നേസറിന് തന്നെ ഈ ദർശനം നൽകിയത്.

- ഒരു വലിയ significance 'ബാബിലോൺ സാമ്രാജ്യത്തിനുണ്ട്.'

- 'Destruction of Jerusalem' യിസ്രായേലിന് ദൈവം രാജാവിനെ കൊടുത്തതിനു ശേഷവും യഹൂദനു രാജത്വം നഷ്ടപ്പെടുന്നത് ബാബിലോണ്യ ആക്രമണത്തോടെയാണ്.

അന്ന് ഒരു 'ERA' യുടെ ആരംഭം കുറിച്ചു - "ജാതികളുടെ കാലം".

Luke 21:24 — കർത്താവിന്റെ യരുശലേമിനെക്കുറിച്ചുള്ള പ്രവചനം. *അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും, അവരെ സകല ജാതികളിലേക്കും ബദ്ധരായി കൊണ്ടുപോകുകയും, "ജാതികളുടെ കാലം" തികയുവോളം ജാതികൾ യരുശലേം ചവുട്ടിക്കളയുകയും ചെയ്യും.*

"ജാതികളുടെ കാലം" 'times of Gentiles' ഇന്നും കഴിഞ്ഞിട്ടില്ല. കർത്താവിന്റെ മഹത്വപ്രത്യക്ഷതയിങ്കൽ, ലോകരാജത്വം കർത്താവ് ഏറ്റെടുക്കുന്ന നാൾ വരെ ഈ 'ജാതികളുടെ കാലം' തുടരും.

അപ്പോൾ നെബൂഖദ്നേസറിന് 'ഈ സ്വപ്നവും' പ്രവചന ദർശനവും കൊടുപ്പാൻ

fleettech@gmail.com

കാരണം അവന്റെ ഭരണകാലം മുതൽ ഒരു 'NEW ERA' in Human History ആരം ഭിച്ചു. 'ജാതികളുടെ കാലം'. അപ്പോൾ ഈ കാലയളവിൽ, ജാതികളുടെ സാമ്രാജ്യ ങ്ങൾക്കു എന്തു ഭവിക്കും. അന്നു മുതൽ മശിഹാ രാജഭാരം ഏറ്റെടുക്കുന്ന നാൾവരെ ലോകത്തിൽ നടക്കുവാനുള്ള ഭരണക്രമങ്ങൾ എന്തെല്ലാം ആയിരിക്കും എന്നത് ഒന്നാ മത്തെ ഭരണാധിപനെ ദൈവം അറിയിക്കാൻ തീരുമാനിച്ചു.

അതിനെ വിവരിച്ചുകൊടുക്കുവാൻ ഒരു ദൈവപൈതലിനെ ദൈവം ഒരുക്കി. അവനോ ടൊന്നിച്ച് മധ്യസ്ഥത ചെയ്യുവാൻ കൂട്ടായ്മയിൽ യാചിക്കുവാൻ വേറെ മൂന്ന് ദൈവമ ക്കളെ ദൈവം ബാബിലോണ്യ കൊട്ടാരത്തിൽതന്നെ മുന്നമെ ഒരുക്കി.

Rom.11:33 *ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമെ - അവന്റെ ന്യായ വിധികൾ എത്ര അപ്രമേയം അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.*

CH: 2 : 31-35 - The recitation of the dream

CH: 2:36-45a - Interpretation of the dream

The image revealed the course of Gentile Kingdom which in turn will rule over the Land of Palestine and the people of Israel.

I. Ch: 2: 36-38

**ഒന്നാം സാമ്രാജ്യം - Babilonian Empire - BC 607 - 539 (87 yrs)**

സ്വർണ്ണ നഗരം

Isa.14:4 *ബാബേൽ രാജാവിനെക്കുറിച്ച് ഈ പാട്ടു ചൊല്ലും. പീഡിപ്പിക്കുന്നവൻ എങ്ങനെ ഇല്ലാതായി. സ്വർണ്ണനഗരം എങ്ങനെ മുടിഞ്ഞുപോയി.*

തങ്കക്കിരീടം ചൂടി തങ്ക നിർമ്മിതമായ നഗരത്തിൽ പ്രതാപശാലിയായി ഏകാധിപതി യായി വാണരുളിയ മഹാരാജാവായിരുന്നു നെബൂക്കദ്നേസർ. അതുകൊണ്ടുതന്നെ ബിംബത്തിന്റെ സ്വർണ്ണത്തലയുടെ സ്ഥാനം ദൈവം നെബൂക്കദ്നേസറിനു നൽകി.

1. നെബൂക്കദ്നേസറിനു ശേഷം മൂന്നു രാജാക്കന്മാർ കൂടി ബാബിലോണിനെ ഭരിച്ചു
2. ഐവിൻ മെരോദക്ക് BC 562 - 560
3. Nabonidus BC 560 - 553
4. ബെൽശസ്സർ BC 553 - 539

**II.** **രണ്ടാം സാമ്രാജ്യം** (വെള്ളി)

Ch: 2: 39 (a) മേദ്യരും പാർസ്യരും Medo - Persian Empire (about 209 yrs)

BC 539 - 330

ആരാണ് മേദ്യർ: നോഹയുടെ പുത്രൻ യാഫെത്തിന്റെ പുത്രൻ - മദായിയുടെ തലമുറ

Gen.10:2

(1Chr1:5) *യാഫെത്തിന്റെ പുത്രന്മാർ: ഗോമെർ, മാഗോഗ്, മാദായി, യാവാൻ, തൂബാൽ, മേശക്ക്, തീരാസ്.*

Esther 1:3 *പാർസ്യയിലെയും മേദ്യയിലെയും സേനാധിപന്മാരും പ്രഭുക്കന്മാരും സംസ്ഥാനാപതി കളും അവന്റെ സന്നിധിയിൽ ഉണ്ടായിരുന്നു.*

Esther 1:18 *ഇന്നു തന്നേ രാജ്ഞിയുടെ പ്രവൃത്തി കേട്ട പാർസ്യയിലെയും മേദ്യയിലെയും പ്രഭു പത്നിമാർ രാജാവിന്റെ സകല പ്രഭുക്കന്മാരോടും അങ്ങനെ തന്നേ പറയും;*

വെള്ളി: സ്വർണ്ണത്തെക്കാൾ inferior ആയിട്ടുള്ള metal.

Babilonians were pure autocrats. But Medo - Persian listened to the people's representatives.

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

അവർ ദേശാധിപതിമാരോടും, അധ്യക്ഷന്മാരോടും ആലോചിച്ചു ഭരിച്ചു.

Daniel 6:6-9

Esther 1:3 *പാർസ്യയിലെയും മേദ്യയിലെയും സേനാധിപന്മാരും പ്രഭുക്കന്മാരും സംസ്ഥാനാപതികളും അവന്റെ സന്നിധിയിൽ ഉണ്ടായിരുന്നു.*

ബിംബത്തിന്റെ രണ്ടു കൈകൾ - 1 - മേദ്യർ, 2 - പാർസ്യർ

ഇവരുടെ കാലത്ത് നികുതിയായി വെള്ളി കൊടുത്തു വന്നിരുന്നു.

**III.** **CH. 2:39(b)** ഗ്രീസ് **BC 330 - 323 - 063**

Belly & thighs made of bronze. മലയാള പരിഭാഷയിൽ 'വയറും അരയും' എന്നാണ്.

മഹാനായ അലക്സാണ്ടർ ഈ സാമ്രാജ്യത്തിന്റെ അധിപൻ ആയിരുന്നു. വിസ്തൃതി കൊണ്ട് ഏറ്റവും വലിയ സാമ്രാജ്യമായിരുന്നു ഇത്. അലക്സാണ്ടറുടെ ആക്രമണത്തിന്റെ style ഉം വേഗതയും വളരെ ശ്രദ്ധേയമായിരുന്നു. bronze കൊണ്ടുള്ള 'കവചങ്ങൾ' അലക്സാണ്ടറുടെ പടയാളികളുടെ വേഷവിധാനമായിരുന്നു. താമ്രശിരസ്ത്രം. താമ്രക്കവചം, താമ്രപരിച.

"സർവ്വഭൂമിയിലും വാഴുവാനിരിക്കുന്നതായി താമ്രംകൊണ്ടുള്ള മൂന്നാമത്തെ രാജത്വം" ഈ വചനമാണ് ഗ്രീസിനെപ്പറ്റി ദാനിയേലിനു വെളിപ്പെട്ടു കിട്ടിയത്.

വെള്ളിയിലും വിലകുറഞ്ഞതാണു താമ്രമെങ്കിലും, വെള്ളിയേക്കാൾ hard metal ആണ്. ഗ്രീക്കുകാർ ശക്തരായ രാജാക്കന്മാരെ തോല്പിച്ച് അതിവേഗം സാമ്രാജ്യം കെട്ടിപ്പെടുത്തു. പാർസ്യയിലെ ഒടുവിലത്തെ ചക്രവർത്തിയായ Darius - മൂന്നാമനെ തോല്പിച്ച് മൂന്നാം ലോകസാമ്രാജ്യം മഹാനായ അലക്സാണ്ടർ കെട്ടിപ്പടുത്തു. അലക്സാണ്ടറുടെ സൈന്യം ഇൻഡ്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിവരെയും എത്തിയിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു.

അലക്സാണ്ടർക്ക് 'ദീർഘായുസ്' ദൈവം കൊടുത്തില്ല. BC 323-ൽ അദ്ദേഹം രോഗബാധിതനായി മരണത്തിനു കീഴടങ്ങി. അലക്സാണ്ടറിന് ശരിയായ പിൻതുടർച്ചാവകാശി ഉണ്ടായിരുന്നില്ല. അതിനാൽ ആ സാമ്രാജ്യം നാല് ജനറൽമാർ വീതിച്ചെടുത്തു.

Trace, Macedonia, Egypt, Syria ഈ രാജ്യങ്ങൾ കുറെനാൾ നിലനിന്നു. (ഇവയെപ്പറ്റി ദാനിയേലിന്റെ എട്ടാം അദ്ധ്യായത്തിൽ വിശദമായി നാം പഠിക്കും.)

BC 063 വരെ - റോമർ സാമ്രാജ്യത്തിന്റെ വരവോടെ ഗ്രീക്കു ആധിപത്യം അവസാനിച്ചു.

**IV.** **നാലാം സാമ്രാജ്യം - റോമ - BC 063 - AD 364**

Daniel 2:40 Legs of Iron

ഇരുമ്പുപോലെ ബലമുള്ള സാമ്രാജ്യം - സകലത്തിനെയും നശിപ്പിച്ച് അതിൽ ലയിപ്പിച്ചു. മറ്റു മൂന്നു സാമ്രാജ്യങ്ങളുടെ ഭാഗമായിരുന്നതിനെ ഒക്കെയും കീഴടക്കി ബലവത്തായ സാമ്രാജ്യമായി റോം ഉയർന്നു.

- സ്വർണ്ണം, വെള്ളി, ബ്രോൺസ്, ഇരുമ്പ്. വിലകുറഞ്ഞു കുറഞ്ഞു വരുന്നു. എന്നാൽ hardness കൂടികൂടി വരുന്നു.

റോമൻഭരണം ഇരുമ്പുപോലെ ബലവത്ത് - കർക്കശമേറിയത്.

BC 758 ൽ 'റോംലസ്' Romeless എന്നു പേരുള്ള ഒരാൾ ഇറ്റലിയിലെ 'ടൈബർ' നദി തീരത്ത് റോം എന്ന പേരിൽ ഒരു നഗരം പണിയാൻ തുടങ്ങി. കാലക്രമേണ ഈ പട്ടണം വളർന്നുവരികയും കാർത്തേജ്, ഏഷ്യാമൈനർ, ഗ്രീസ്, ഈജിപ്ത്, സിറിയ, പാലസ്റ്റൈൻ ഈ രാജ്യങ്ങൾ പിടിച്ചെടുത്ത് ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. കാലക്രമേണ ബെൽജിയം, ഫ്രാൻസ്, ബ്രിട്ടൻ ഈ രാജ്യങ്ങളെല്ലാം റോം സാമ്രാജ്യത്തിന്റെ കീഴിലമർന്നു.

ജൂലിയസ് സീസർ ഈ സാമ്രാജ്യത്തിന്റെ തുടക്കത്തിലെ ചക്രവർത്തിമാരിൽ ഒരാളായിരുന്നു.

fleettech@gmail.com

കർത്താവിന്റെ ജനനസമയത്തിനു തൊട്ടുമുമ്പ് Augustos Ceasor ചക്രവർത്തിയായിരുന്നു. BC 41-13 .

കർത്താവിന്റെ ശുശ്രൂഷയുടെ കാലത്തും, ക്രൂശുമരണത്തിന്റെ സമയത്തും, അപ്പോസ്തോലിക കാലത്തും, റോമൻഭരണം അതിശക്തമായി നിലനിന്നു.

Constantine ചക്രവർത്തി ക്രിസ്ത്യാനിയായി തീർന്നു. അതിനുശേഷം റോമൻ സാമ്രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. Eastern Roman Empire, Western Roman Empire. East ന്റെ Capital 'Constantinople'

ഇന്നത്തെ 'Istambul'

West ന്റെ capital 'Rome'

Roman സാമ്രാജ്യത്തിന്റെ ഭരണം BC 364 വരെ നിലനിന്നതായി കണക്കാക്കപ്പെടുന്നു.

Daniel 2:41-43

**V.** **അഞ്ചാം സാമ്രാജ്യം, 'കാലും കാൽവിരലും' feet & toes**

Partly of Potters clay and partly of iron പാതി ഇരുമ്പ് പാതി കളിമണ്ണ്

Partly strong and partly fragile

They will mingle with the seed of men - They will not adhere to one another. Just as iron does not mix with clay.

ഇരുമ്പും കളിമണ്ണും തമ്മിൽ ചേരുകയില്ല. ഒന്നിച്ചു ഉരുക്കിവാർത്താൽ homogenius ആയി കാണപ്പെടില്ല. There will be cracks.

മനുഷ്യ ബീജത്താൽ തമ്മിൽ ഇടകലരും - പക്ഷെ തമ്മിൽ ചേരുകയില്ല. "ഒരു ഭിന്ന രാജത്വം' ആയിരിക്കും.

റോമാ സാമ്രാജ്യത്തെ ആരും കീഴടക്കിയിട്ടില്ല. ബാബിലോണിന്റേയോ, മെദോ പേർഷ്യയുടെയോ, ഗ്രീസിന്റേയോ സ്ഥിതി റോമിനുണ്ടായില്ല.

ഇന്നു കാണുന്ന ലോകത്തിലെ രാജ്യങ്ങളൊക്കെ തന്നെ ഒരു രീതിയിൽ ഈ 4-ാം സാമ്രാജ്യത്തിന്റെ ഒരു തുടർച്ചയായി കാണാം.

especially റോമാ സാമ്രാജ്യം orginally നിലനിന്നിരുന്ന ആ രാജ്യങ്ങളെ മാത്രം ഒന്നെടുത്തു നോക്കിക്കേ. അവിടെയെല്ലാം ചെറിയ ചെറിയ രാജ്യങ്ങൾ നിലനിൽക്കുന്നു.

'Democracy' ആണ് ആ രാജ്യങ്ങളിൽ മുഴുവനും തന്നെ.

യൂറോപ്പിൽ മുഴുവനും 'Democracy' ആണ്.

അതായത് Western Roman Empire നിലനിന്നിരുന്ന രാജ്യങ്ങൾ 100% Democratic രാജ്യങ്ങളായി മാറി.

- എന്നാൽ അവ തമ്മിൽ തമ്മിൽ എങ്ങനെയിരിക്കുന്നു.

ഇരുമ്പും കളിമണ്ണും ഒന്നിച്ച് കൂട്ടിച്ചേർത്തതുപോലെ നിൽക്കുന്നു.

- 'Europe നെ unify ചെയ്യാനായി ധാരാളം ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഇതുവരെയും ഒന്നും ജയിച്ചിട്ടില്ല.

Ist World War ൽ Germany അതിനു ശ്രമിച്ചു

IInd World War ൽ Hitler നോക്കി.

ഇന്നും 'Europe' unify ചെയ്യാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. European community അതിനായി വലിയ സംരംഭമാണു നടത്തുന്നത്. ഇതിനകം ഒരു കറൻസി 'Euro' മിക്ക രാജ്യങ്ങളിലും അംഗീകരിച്ചു കഴിഞ്ഞു. ബ്രിട്ടൻ മടിച്ചു മടിച്ചു നിൽക്കുന്നു. എങ്കിലും 'European unity' ഒട്ടും വിദൂരമല്ല.

www.gospelinmalayalam.com
fleettech@gmail.com

പക്ഷേ ദാനിയേലിനു വെളിപ്പെട്ടതുപോലെതന്നെ കളിമണ്ണും ഇരുമ്പും പോലെ മാത്രമേ അതിരിക്കുകയുള്ളൂ.

Daniel 2:44 - 45(a)

**Rock** - refer to Lord Jesus Christ

Ps. 118:22 *വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി തീർന്നിരിക്കുന്നു.*

Isa. 8:14 *എന്നാൽ അവൻ ഒരു വിശുദ്ധ മന്ദിരമായിരിക്കും; എങ്കിലും യിസ്രായേൽ ഗൃഹത്തിനു രണ്ടിനും അവനൊരു ഇടർച്ചക്കല്ലും തടങ്ങൽപാറയും യെരുശലേം നിവാസികൾക്കു ഒരു കുടുക്കും കണിയും ആയിരിക്കും.*

Isa. 28:16 *അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല.*

1 Pet. 2:6-8 *'ഞാൻ ശ്രേഷ്ഠവും മാന്യവുമായോരു മൂലക്കല്ലു സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല' എന്നു തിരുവെഴുത്തിൽ കാണുന്നുവല്ലോ. വിശ്വസിക്കുന്ന നിങ്ങൾക്കു ആ മാന്യതയുണ്ടു; വിശ്വസിക്കാത്തവർക്കോ 'വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു തന്നേ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്ങൽപാറയുമായി ത്തീർന്നു.'*

**Kingdom promised to Israel through David**

2 Sam. 7:16 *നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറെച്ചിരിക്കും.*

Rev. 11:15 *ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി.*

Rev. 19:11-20 *അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണു അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ടു; അതു അവന്നല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവന്നു ദൈവവചനം എന്നു പേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരിമ്പുകോൽ കൊണ്ടു അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു. രാജാധിരാജാവും രാജാധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു. ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നതു ഞാൻ കണ്ടു; അവൻ ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും; രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിനു വന്നു കൂടുവിൻ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്‌വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചുവന്നുകൂടിയതു ഞാൻ കണ്ടു.*

He will rule for ever.

www.gospelinmalayalam.com

fleettech@gmail.com